**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഫെയർ വാല്യൂ പുനർ നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിൽ ഭൂമിയുടെ ഉയർന്ന ഫെയർ വാല്യൂ വിഷയം പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടർ നിരവധി തവണ യോഗങ്ങൾ നടത്തിയിട്ടുള്ളതും 21.06.2024-ലെ യോഗത്തിൽ ഇരമല്ലൂർ വില്ലേജിലെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി നിശ്ചിത കാലപരിധിയ്ക്കുള്ളിൽ ശുപാർശ സമർപ്പിക്കുവാൻ യോഗത്തിൽ തീരുമാനമാകുകയും ചെയ്തിരുന്നു. തുടർന്ന് ഇരമല്ലൂർ വില്ലേജിലെ എല്ലാ സർവ്വെ നമ്പറുകളും ജീവനക്കാർ പരിശോധിച്ച് ആയതിന് 2010 ൽ നിശ്ചയിച്ച ഫെയർ വാല്യൂവിന് പകരം പുതുക്കിയ ഫെയർ വാല്യൂ നിർണ്ണയിച്ചിട്ടുള്ളതുമാണ്. ഈ വില സമീപ വില്ലേജുകളിലെ വിലയുമായി യോജിച്ച് വരുന്നതാണ്. ഓരോ സർവേ നമ്പറുകളിൽ ഉൾപ്പെട്ടു വരുന്ന കാറ്റഗറികൾക്കും വില കണക്കാക്കിയിട്ടുള്ളതും ആയത് കമ്പോള വിലക്ക് ആനുപാതികമായി നിശ്ചയിക്കാവുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്. 14/08/2018-ലെ സ.ഉ.(കൈ) നം.302/2018/റവ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അടിയന്തിര പ്രാധാന്യത്തോടെ ഈ വിഷയത്തിൽ എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നടപടിക്രമങ്ങൾ വേഗത്തിൽ ആക്കി ഫെയർ വാല്യൂ പുനർ നിർണ്ണയം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടർ നിരവധി തവണ യോഗങ്ങൾ നടത്തിയിട്ടുള്ളതും 21.06.2024-ലെ യോഗത്തിൽ ഇരമല്ലൂർ വില്ലേജിലെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി നിശ്ചിത കാലപരിധിയ്ക്കുള്ളിൽ ശുപാർശ സമർപ്പിക്കുവാൻ യോഗത്തിൽ തീരുമാനമാകുകയും ചെയ്തിരുന്നു. തുടർന്ന് ഇരമല്ലൂർ വില്ലേജിലെ എല്ലാ സർവ്വെ നമ്പറുകളും ജീവനക്കാർ പരിശോധിച്ച് ആയതിന് 2010 ൽ നിശ്ചയിച്ച ഫെയർ വാല്യൂവിന് പകരം |

| | | | |
|---|---|---|---|
| | | | പുതുക്കിയ ഫെയർ വാല്യൂ നിർണ്ണയിച്ചിട്ടുള്ളതുമാണ്. ഈ വില സമീപ വില്ലേജുകളിലെ വിലയുമായി യോജിച്ച് വരുന്നതാണ്. ഓരോ സർവേ നമ്പറുകളിൽ ഉൾപ്പെട്ടു വരുന്ന കാറ്റഗറികൾക്കും വില കണക്കാക്കിയിട്ടുള്ളതും ആയത് കമ്പോള വിലക്ക് ആനുപാതികമായി നിശ്ചയിക്കാവുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്. 14/08/2018-ലെ സ.ഉ.(കൈ) നം.302/2018/റവ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അടിയന്തിര പ്രാധാന്യത്തോടെ ഈ വിഷയത്തിൽ എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ